**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 183** **14-09-2023 - ൽ മറുപടിയ്ക്ക്**

**പെയ്ഡ് സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ആശുപത്രി സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ആരംഭിക്കാൻ തീരുമാനിച്ച പെയ്ഡ് സഹകരണ പാലിയേറ്റീവ് കെയർ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | കേരള സർക്കാരിന്റെ രണ്ടാം 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ സഹകരണ വകുപ്പ് പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വാർദ്ധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവർക്കും നിരാശ്രയർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്ന സംവിധാനമാണിത്. ആലപ്പുഴ, വയനാട് ജില്ലകളിൽ പെയ്ഡ് സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കുവാൻ ഉതകുന്ന സഹകരണ ആശുപത്രികൾ ഇല്ലാത്തതിനാൽ ടി ജില്ലകൾ ഒഴികെയുള്ള 12 ജില്ലകളിലെ ആശുപത്രി സംഘങ്ങളെ ഉൾപ്പെടുത്തി പെയ്ഡ് സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി ആരംഭിക്കുവാൻ തീരുമാനിക്കുകയുണ്ടായെങ്കിലും 10 ജില്ലകളിലെ 18 ആശുപത്രി സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി ആരംഭിച്ച പെയ്ഡ് പാലിയേറ്റീവ് കെയർ പദ്ധതിയിൽ, നിലവിൽ 10 ജില്ലകളിലെ 23 ആശുപത്രി സഹകരണ സംഘങ്ങൾ പ്രസ്തുത സേവനം നൽകി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം നിശ്ചിത തുക ഒടുക്കി രജിസ്റ്റർ ചെയ്യുന്ന രോഗികൾക്ക് ആവശ്യം അറിയിക്കുന്ന മുറയ്ക്ക് രോഗനിർണ്ണയം നടത്തി ചികിത്സ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആകുന്നതിനായി നിശ്ചിത തുക സംഘത്തിൽ ഒടുക്കി രജിസ്റ്റർ ചെയ്യുന്ന രോഗികൾ ചികിത്സാ ആവശ്യം അറിയിക്കുന്ന മുറയ്ക്ക് രോഗിയെ ബന്ധപ്പെട്ട സഹകരണ ആശുപത്രിയിൽ എത്തിച്ച് ആവശ്യമായ ചികിത്സ നൽകി തിരികെ വീട്ടുകളിൽ എത്തിയ്ക്കുകയും, തുടർ ചികിത്സ ആവശ്യമാണെങ്കിൽ നിശ്ചിത ഇടവേളകളിൽ താമസസ്ഥലത്തെത്തി ആവശ്യമായ |

| | | | |
|---|---|---|---|
| | | | രോഗനിർണ്ണയ പരിശോധനകൾ നടത്തുകയും ആയതിന്റെ ഫീസ് ഈടാക്കുകയും ചെയ്യുന്നതാണ്. |
| (സി) | നിശ്ചിത ഇടവേളകളിൽ താമസസ്ഥലത്തെത്തി ആവശ്യമായ രോഗനിർണ്ണയ പരിശോധനകൾ നടത്തി തുടർചികിത്സ നിർദ്ദേശിക്കുന്ന പദ്ധതി ഇതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുണ്ടോ; | (സി) | പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആകുന്നതിനായി നിശ്ചിത തുക സംഘത്തിൽ ഒടുക്കി രജിസ്റ്റർ ചെയ്യുന്ന രോഗികൾ ചികിത്സാ ആവശ്യം അറിയിക്കുന്ന മുറയ്ക്ക് രോഗിയെ ബന്ധപ്പെട്ട സഹകരണ ആശുപത്രിയിൽ എത്തിച്ച് ആവശ്യമായ ചികിത്സ നൽകി തിരികെ വീട്ടുകളിൽ എത്തിയ്ക്കുകയും, തുടർ ചികിത്സ ആവശ്യമാണെങ്കിൽ നിശ്ചിത ഇടവേളകളിൽ താമസസ്ഥലത്തെത്തി ആവശ്യമായ രോഗനിർണ്ണയ പരിശോധനകൾ നടത്തുകയും ആയതിന്റെ ഫീസ് ഈടാക്കുകയും ചെയ്യുന്നതാണ്. |
| (ഡി) | ജനങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായി എല്ലാ തലങ്ങളിലുമുള്ള ആരോഗ്യ സംരക്ഷണങ്ങളിലും സഹകരണ ആശുപത്രികളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | അതാത് ജില്ലകളിലെ സഹകരണ ആശുപത്രികളുടെ അടിസ്ഥാന/ഭൗതിക സാഹചര്യമനുസരിച്ച് ജനങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായി എല്ലാ തലങ്ങളിലുമുള്ള ആരോഗ്യ സംരക്ഷണങ്ങളിലും സഹകരണ ആശുപത്രികളെ ഉൾപ്പെടുത്താമോയെന്നത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ